**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3123** **07-10-2025 - ൽ മറുപടിയ്ക്ക്**

**ജലനിധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലനിധി പദ്ധതിയിൽ പൂർത്തിയാക്കിയ ഏതെല്ലാം പദ്ധതികൾക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം നൽകുന്നുണ്ടെന്നും ഇതിന് ഏർപ്പെടുത്തിയിട്ടുള്ള വാട്ടർ ചാർജ് ഇനത്തിൽ ഈടാക്കിയ തുക എത്രയെന്നും വ്യക്തമാക്കാമോ; | (എ) | വാട്ടർ അതോറിറ്റി വെള്ളം നൽകുന്ന 29 ജലനിധി പദ്ധതികളാണുള്ളത്. പദ്ധതികളുടെ ഡിവിഷൻ തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. ജലനിധി പദ്ധതികൾക്കായി നാളിതുവരെ വാട്ടർ ചാർജ്ജിനത്തിൽ ഈടാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**കാലയളവ്** — **വാട്ടർ ചാർജ്ജ്**<br>2014-2021 — 6 രൂപ/കിലോ ലിറ്റർ<br>2021-2022 — 6.30 രൂപ/കിലോ ലിറ്റർ<br>2022-2023 — 6.62 രൂപ/കിലോ ലിറ്റർ<br>2023 മുതൽ — 16.62 രൂപ/കിലോ ലിറ്റർ |
| (ബി) | ജലനിധി പദ്ധതിയിൽ പൂർത്തിയാക്കിയ പദ്ധതിയിൽ ഉപഭോക്തൃ സമിതികൾ വാട്ടർ ചാർജ് ഇനത്തിൽ നൽകിയ തുക എത്രയെന്നും എത്ര തുക കുടിശിക വരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | ജലനിധി പദ്ധതിയിൽ പൂർത്തിയാക്കിയ പദ്ധതിയിൽ വാട്ടർ ചാർജ് ഇനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>**കാലയളവ്** — **വാട്ടർ ചാർജ് ഇനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ച തുക (കോടിയിൽ)**<br>2020-21 — 3.25<br>2021-22 — 3.56<br>2022-23 — 5.32<br>2023-24 — 5.49 |

Nested table (എ):

| കാലയളവ് | വാട്ടർ ചാർജ്ജ് |
|---|---|
| 2014-2021 | 6 രൂപ/കിലോ ലിറ്റർ |
| 2021-2022 | 6.30 രൂപ/കിലോ ലിറ്റർ |
| 2022-2023 | 6.62 രൂപ/കിലോ ലിറ്റർ |
| 2023 മുതൽ | 16.62 രൂപ/കിലോ ലിറ്റർ |

| | | | |
|---|---|---|---|
| | | | <table><tr><td>2024-25</td><td>6.55</td></tr><tr><td>2025 ആഗസ്റ്റ് വരെ</td><td>2.55</td></tr></table><br>ജലനിധി പദ്ധതികളിൽ നിന്നും കേരള വാട്ടർ അതോറിറ്റിയ്ക്ക് ലഭിയ്ക്കാനുള്ള വാട്ടർ ചാർജ്ജ് കടിശ്ശിക (08/2025 വരെ) 63.26 കോടി രൂപയാണ്. |
| (സി) | മേൽപ്പറഞ്ഞ വാട്ടർചാർജ് കുടിശിക തുക ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ജലനിധി പദ്ധതികളിലെ കടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഡിവിഷൻ തലത്തിൽ കത്തിടപാടുകൾ നടത്തുന്നുണ്ട്. കുടിശ്ശിക വരുത്തിയ ജലനിധി പദ്ധതികളുടെ ഭാരവാഹികളുമായും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുമായും ഡിവിഷൻ തലത്തിൽ നിരവധി ചർച്ചകൾ നടത്തുകയും കടിശ്ശിക തുക എത്രയും വേഗം അടക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. തനത് മാസങ്ങളിലെ വാട്ടർ ചാർജ്ജിന്റെ 50% എങ്കിലും അടയ്ക്കാത്ത പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണം (ചില പദ്ധതികളുടെ) ഭാഗികമായി വിച്ഛേദിച്ച് വരുന്നു. Pre-RR നോട്ടീസുകൾ നൽകി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നു. ജലനിധിയുടെ പേരിലുള്ള പ്രതിമാസ വാട്ടർ ചാർജ്ജ് അതേ മാസം തന്നെ ഒടുക്കുന്നതിനുള്ള പ്രാരംഭ നടപടിയായി വാർഡ് അടിസ്ഥാനത്തിൽ ഉണഭോക്താക്കളുടെ മീറ്റിംഗ് വിളിച്ചുചേർക്കുന്നതിനും ഡിസ്കണക്ഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുമുള്ള നടപടികൾ ഡിവിഷൻ തലത്തിൽ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | ഡിവിഷൻ | ജലനിധി കണക്ഷൻ |
|---|---|---|
| | | പുത്തൻചിറ |
| | | മാള |
| | | വെള്ളാങ്കല്ലൂർ |
| | | പൊയ്യ |
| | | കുഴൂർ |
| 1 | ഇരിങ്ങാലക്കുട | അന്നമനട |
| | | അയ്മനം |
| | | മണിയാപറമ്പ് |
| 2 | കോട്ടയം | കോയിത്താനം |
| | | വേങ്ങര |
| | | ഊരകം |
| | | പരപ്പൂർ |
| 3 | മലപ്പുറം | ചോക്കാട് |
| | | തെന്നല |
| | | പെരുമണ്ണ- ക്ലാരി |
| | | ഒഴൂർ |
| 4 | എടപ്പാൾ | കുറ്റിപ്പുറം |
| | | പുൽപ്പള്ളി സോൺ - 1 |
| | | പുൽപ്പള്ളി സോൺ-2 |
| | | പൂത്താടി |
| 5 | സുൽത്താൻ ബത്തേരി | പനമരം |
| | | റാന്നി - THT-1017 -D |
| 6 | പത്തനംതിട്ട | റാന്നി - THT-1014 -D |
| 7 | തളിപ്പറമ്പ് | ഇരിക്കൂർ |
| 8 | വടകര | ചോറോട് |
| | | വയൽപ്പീടിക |
| 9 | കണ്ണൂർ | വണ്ണാത്തിക്കുളം |
| | | ചവറ |
| 10 | കൊല്ലം | പന്മന |